**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **09-10-2024 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിൽനിന്ന് കുറുവ ഗ്രാമപഞ്ചായത്തിലെ കളത്തിൽ ചാലയ്ക്കൽ, ചൊവ്വാണ എന്നീ ഗ്രാമങ്ങളെ 2016-17 സാമ്പത്തിക വർഷത്തിലും അമ്പലപ്പറമ്പ് ഗ്രാമത്തെ 2019-20 സാമ്പത്തിക വർഷത്തിലും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ കല്ലറാംകുന്ന്, കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ പട്ടിയിൽപ്പറമ്പ് എന്നീ ഗ്രാമങ്ങളെയും ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രണ്ട് ഗ്രാമങ്ങളിലേയും നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെയെല്ലാം നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകളിൽ പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതി പൂർത്തീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ